**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3464** **15-02-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ താല്കാലിക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ 2016 മുതൽ എത്ര താല്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ; | (എ) | **സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ 2016 മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആകെ 68,816 ഉദ്യോഗാർത്ഥികൾക്ക് താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്.** |
| (ബി) | എങ്കിൽ താല്കാലിക നിയമനങ്ങൾ നടത്തുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ബാധകമായിട്ടുള്ള സ്ഥാപനങ്ങളിലെ താത്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന KS&SSR Rule-9 a(i) പ്രകാരമാണ് നടത്തേണ്ടത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താത്കാലിക നിയമനങ്ങൾ സംബന്ധിച്ച് 21-11-1957 ലെ SD 2/29168/57 PD നമ്പർ ഉത്തരവിൽ എല്ലാ താത്കാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തന്നെ നടപ്പിലാക്കണമെന്നും, 04/12/1958 ലെ SD 2-80414/58 നമ്പർ മെമ്മോറാണ്ടത്തിൽ പി.എസ്.സി. യുടെ പരിധിയിൽ വരാത്ത എല്ലാത്തരം ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തണമെന്നും വകുപ്പ് മേധാവികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഉദ്യോഗദായകർ അറിയിക്കുന്ന ഒഴിവുകൾക്കു സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ / സർക്കുലർ എന്നിവ പാലിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ലിസ്റ്റ് നൽകുന്നു. ഉദ്യോഗദായകർ സ്ഥാപനത്തിൽ നിലവിലുള്ള താത്കാലിക ഒഴിവ് നിശ്ചിത മാതൃകയിലുള്ള റിക്വിസിഷൻ ഫാറത്തിൽ ബന്ധപ്പെട്ട ജില്ല / പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുമ്പോൾ, (PSC യുടെ പരിധിയിലുള്ള ഒഴിവ് ആണെങ്കിൽ പി.എസ്.സി. യിൽ നിന്നുള്ള Non Availability സർട്ടിഫിക്കറ്റ് സഹിതം) അത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സംവരണതത്വം പാലിച്ച് ബുക്ക് ചെയ്യുകയും, ജില്ലയിലെ സബ് |

| | | | |
|---|---|---|---|
| | | | ഓഫീസുകളിൽ സർക്കുലേറ്റ് ചെയ്ത് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ശേഖരിച്ച് ക്രോഡീകരിച്ച് ഉദ്യോഗദായകന് നൽകുകയുമാണ് ചെയ്തു വരുന്നത്.<br><br>ഈ ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ കൂടിക്കാഴ്ച നടത്തി തെരഞ്ഞെടുത്ത് നിയമനം നടത്തുന്നത് ബന്ധപ്പെട്ട ഉദ്യോഗദായകനാണ്. |
| (സി) | ആരോഗ്യവകുപ്പിൽ നടത്തിയ 10938 താല്കാലിക നിയമനങ്ങളിൽ ഒരു നിയമനം മാത്രമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നടത്തിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തി അർഹരായവർക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ആരോഗ്യ വകുപ്പിലെ വിവിധ പദ്ധതികളിലേക്കുള്ള നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഉദ്യോഗാർത്ഥികളുടെ പരാതിയിന്മേലും ആരോഗ്യ വകുപ്പിലെ വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് ചുമതല നൽകുകയും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചതിൽ ആരോഗ്യ വകുപ്പിലെ നാഷണൽ ഹെൽത്ത് മിഷൻ, KHRWS, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള പദ്ധതികൾ വിവിധ പ്ലാൻ പ്രോജക്ടുകൾ തുടങ്ങിയവയിലൂടെ വിവിധങ്ങളായ തസ്തികകളിൽ അനേകം ജീവനക്കാർ ദിവസ വേതന/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നതായും കണ്ടെത്തിയിട്ടുണ്ട്. വകുപ്പിലെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററുകൾ, സ്വകാര്യ മേഖലയിലെ തൊഴിൽ അവസരങ്ങൾ എല്ലാ ഉദ്യോഗാർഥികൾക്കും ലഭ്യമാകത്തക്ക രീതിയിൽ ആവശ്യമായ പരിശീലനങ്ങൾ നൽകി മാതൃകാപരമായ പ്രവർത്തനം നടത്തിവരികയാണ്. ആയതിനാൽ ആരോഗ്യ വകുപ്പിലെ നാഷണൽ ഹെൽത്ത് മിഷൻ, KHRWS, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ പ്ലാൻ പ്രോജക്ടുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട നിയമനങ്ങൾ എംപ്ലോയബിലിറ്റി സെന്ററുകളുടെ ഉൾപ്പെടെ സേവനം പ്രയോജനപ്പെടുത്തുന്ന തരത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശം ആരോഗ്യ, തദ്ദേശ സ്വയംഭരണ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ